3. ആയുർവ്വേദം

ആയുർവ്വേദ ഔഷധങ്ങളുടെ ലഭ്യത സുഗമമാക്കുന്നതിനുവേണ്ടി ചില പച്ചിലമരുന്നുകൾ സാമൂഹ്യ വനവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി നട്ടുപിടിപ്പിക്കുന്നതിന് വനംവകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്.

എന്യൂമറേറർമാരുടെ നിയമനം

*479 [510] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്:
ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വോട്ടർപട്ടിക പുതുക്കുന്നതിനുവേണ്ടി എന്യൂമറേറർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ മാനദണ്ഡം എവിടെയെങ്കിലും ലംഘിക്കുകയുണ്ടായിട്ടുണ്ടോ;

(സി) നിയമിക്കപ്പെടുന്ന എന്യൂമറേറർക്ക് പകരം അയാൾക്കുവേണ്ടി അയാളുടെ ബന്ധുക്കളോ, സുഹൃത്തുക്കളോ എന്യൂമറേഷന് പോകുന്നത് അനുവദനീയമാണോ;

(ഡി) ഇപ്രകാരം എന്യൂമറേഷൻ നടത്തിയിട്ടുണ്ടെങ്കിൽ അത് കാൻസൽ ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) സർക്കാർ സ്കൂളുകളിലെയും, എയിഡഡ് സ്കൂളുകളിലെയും അദ്ധ്യാപകർ, റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നിവരെ എന്യൂമറേറർമാരായി നിയമിക്കുക എന്നുള്ളതാണ് മാനദണ്ഡം. ഇതിനുപുറമെ വനപ്രദേശങ്ങളിൽ വനംവകുപ്പ് ജീവനക്കാരെ എന്യൂമറേറർമാരായി നിയമിക്കാറുണ്ട്.

(ബി) ഇല്ല.

(സി) അനുവദനീയമല്ല.

(ഡി) നടത്തിയിട്ടുള്ളതായി തെളിഞ്ഞാൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

*480 [511] ശ്രീ. ടി. എസ്. ജോൺ:
,, സി. എഫ്. തോമസ്:
,, പി. സി. ജോർജ്ജ്:
,, വി. സുരേന്ദ്രൻപിള്ള:
,, വി. വി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ ഭേദഗതികളോടെ നിയമമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly